പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1219.

21.03.2013 ൽ മറുപടിക്ക്

**ഭക്ഷ്യ സുരക്ഷ ഉറപ്പാക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യധാന്യക്കമ്മി അനുഭവപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) ഇല്ല. |
| (ബി) ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും അരിവില നിയന്ത്രിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടൽ മൂലം പൊതുവിപണിയിൽ ഉണ്ടാകുന്ന അരിവില വർദ്ധനവ് ഒരു പരിധിവരെ നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബി.പി.എൽ./എ.എ.വൈ. കാർഡുടമകൾക്ക് പ്രതിമാസം യഥാക്രമം 25 കി.ഗ്രാം, 35 കി.ഗ്രാം എന്ന കണക്കിൽ അരി ഒരു രൂപ നിരക്കിലും എ.പി.എൽ വിഭാഗത്തിൽപെട്ട 42 ലക്ഷത്തോളം പേർക്ക് 2 രൂപ നിരക്കിൽ 9 കി. ഗ്രാം അരി വീതവും വിതരണം ചെയ്തു വരുന്നു. കൂടാതെ പ്രത്യേക വിഹിതമായി ബി.പി.എൽ. വിഭാഗത്തിന് 132725 മെ.ടൺ അരിയും 54211 മെ.ടൺ ഗോതമ്പും കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ഇവയിലൂടെ പൊതു വിപണിയിൽ അരിവില കുറയുന്നതിനും വില വർദ്ധനവ് നിയന്ത്രണ വിധേയമാക്കാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ സപ്ലൈകോ നടത്തുന്ന വിപണി ഇടപെടൽ പദ്ധതിയിലൂടെ പൊതുജനങ്ങളുടെ ബുദ്ധിമുട്ട് കഴിവതും ഒഴിവാക്കുന്നതിനു വേണ്ടി സപ്ലൈകോ വില്പനശാലകളിൽ കൂടി |

പ്രതിമാസം സ്റ്റോക്ക് ഉള്ളതനുസരിച്ച് കാർഡൊന്നിന് 20 കി.ഗ്രാം വീതം മട്ടഅരി (16 രൂപ), ജയഅരി (21 രൂപ), കുറുവഅരി (19 രൂപ), പച്ചരി(16 രൂപ) എന്നീ വിലകളിൽ അരി വിതരണം ചെയ്യുന്നുണ്ട്. ഇതു കൂടാതെ ഒ.എം.എസ്.എസ്. പ്രകാരം പുഴുക്കലരി 19.50, പച്ചരി 21 രൂപ നിരക്കിലും വിതരണം ചെയ്തിരുന്നു.

(സി) സംസ്ഥാനത്തെ അരിവില മുൻവർഷങ്ങളിലേതിൽ നിന്നും വളരെ കൂടുതലാണെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; 2006, 2007, 2008, 2009, 2010, 2011, 2012 വർഷങ്ങളിൽ അരിയുടെ വില, പൊതുമാർക്കറ്റിലും, മാവേലിസ്റ്റോറിലും, റേഷൻ ഡിപ്പോയിലും എത്രയായിരുന്നുവെന്നത് സംബന്ധിച്ച വിശദമായ സ്റ്റേറ്റുമെന്റ് നല്കാമോ ;

(സി) ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അരിയുടെ മുഖ്യഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിക്കുന്നത് അനുസരിച്ച് അരിയുടെ വിലയിലും ആനുപാതികമായ മാറ്റം ഉണ്ടായിട്ടുണ്ട്. പൊതുവിപണിയിൽ അരിയുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും റേഷൻ സ്ഥാപനങ്ങളിലൂടെ കുറഞ്ഞ വിലയ്ക്ക് അരി ലഭ്യമാക്കുന്നതിനാൽ അരിവില വർദ്ധനവിൽ നിന്നും ജനങ്ങളെ സഹായിക്കാൻ കഴിയുന്നു. 2006 മുതൽ 2012 വരെയുള്ള ജനുവരി മാസത്തെ റേഷൻ അരിയുടെ വിലപ്പട്ടിക, 2006 മുതൽ 2012 വരെയുള്ള തിരുവനന്തപുരം, കോട്ടയം ജില്ലകളിലെ പൊതുവിപണിയിലെ അരിവില എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്. പൊതുവിപണിയിൽ അരിയുടെ വില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ 2010 ഡിസംബർ മുതൽ നല്ലയിനം അരി പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കാൻ 'അരിക്കട' എന്ന പദ്ധതി നടപ്പിലാക്കുകയും ഈ പദ്ധതി പ്രകാരം സോർട്ടക്സ് പച്ചരി, സോർട്ടക്സ് പുഴുക്കലരി, സോർട്ടക്സ് ബോധന അരി എന്നിവ 16 രൂപ നിരക്കിൽ ലഭ്യമാക്കിയിരുന്നു. 2012 ആഗസ്റ്റ് മാസം മുതൽ മട്ടഅരി, പച്ചരി എന്നിവ 16 രൂപ നിരക്കിലും കുറുവ അരി 16 രൂപ, ജയഅരി 21 രൂപ നിരക്കിലും കാർഡൊന്നിന് 20 കി.ഗ്രാം വരെ സ്റ്റോക്കുള്ളതിനനുസരിച്ച് പ്രതിമാസം വിതരണം ചെയ്തുവരുന്നു. ഇതുകൂടാതെ ഒ.എം.എസ്.എസ്. പ്രകാരം പുഴുക്കലരി 19.50, പച്ചരി 21 രൂപ നിരക്കിലും വിതരണം ചെയ്തിരുന്നു.

(ഡി) സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തിന്റെ കാര്യക്ഷമത ഇല്ലായ്മ സംബന്ധിച്ച പരാതി ശ്രദ്ധിച്ചിട്ടുണ്ടോ ; എങ്കിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(ഡി) സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന്റെയും കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തെ റേഷൻ കടകളിലൂടെ ന്യായമായ വിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കിവരുന്നു. കൂടാതെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് മുതലായവ തടയുന്നതിനായി പൊതുവിതരണ ശൃംഖലകളിലും പൊതു കമ്പോളത്തിലും ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തിവരികയും അവശ്യസാധന നിയമപ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണത്തിലൂടെ റേഷൻ വിതരണം സുതാര്യമാക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.

Table 1

## PDS (Ration) Price of Rice 2006-2012

| Year | APL (Rs) | BPL (Rs) | AAY (Rs) | APL (SS) | |
|---|---|---|---|---|---|
| January 2006 | 8.90 | 6.20 | 3.00 | | |
| " 2007 | 8.90 | 3.00 | 3.00 | | |
| " 2008 | 8.90 | 3.00 | 3.00 | | |
| " 2009 | 8.90 | 3.00 | 3.00 | 2.00 (from May) | |
| " 2010 | 8.90 | 2.00 | 2.00 | 2.00 | |
| " 2011 | 8.90 | 2.00 | 2.00 | 2.00. | |
| " 2012 | 8.90 | 1.00 | 1.00 | 2.00. | |

Table:2

## Open Market Retail Price of Rice From 2006-20012 (Centers : Trivandrum , Kottayam)

| | | 2/1/2006 | | 2/1/2007 | | 1/1/2008 | |
|---|---|---|---|---|---|---|---|
| | | Trivandrum | Kottayam | Trivandrum | Kottayam | Trivandrum | Kottayam |
| Rice (Red) Open Market | | | | | | | |
| Rice(red)open market Matta | Kg. | 23.00 | 24.00 | 15.50 | 15.50 | 18.50 | 16.50 |
| Rice(red)open market Nadan | Kg. | | 24.00 | 15.00 | 13.50 | | 16.00 |
| Rice(red)open market Chamba | Kg. | 23.00 | 24.00 | 15.50 | 16.00 | 18.00 | 17.00 |
| Rice(red)open market Punja | Kg. | | 22.00 | | | | 16.75 |
| Rice(red)open market Culture | Kg. | | 20.00 | | 14.00 | | 15.50 |
| Rice(red)open market Rose | Kg. | 23.00 | 24.00 | 15.00 | 16.00 | | 16.50 |
| Rice(red)open market Massoori | Kg. | | | | 14.00 | | 15.00 |
| Rice (white) open market | | | | | | | |
| Rice(white)open mrkt Andhra Vella | Kg. | 23.00 | 20.00 | 14.80 | 16.00 | 17.50 | 18.50 |
| Rice(white)open mrkt Chambala Vella | Kg. | | 22.00 | 14.80 | 14.00 | | 18.00 |
| Rice(white)open mrkt Mysore Vella | Kg. | | 19.00 | | 14.00 | | 17.00 |
| Rice(white)open mrkt Nepal Vella | Kg. | | | | | | |
| Rice(white)open mrkt Palakkadan Jaya | Kg. | | 22.00 | 15.00 | 13.50 | | 16.00 |

| | | 1/1/2009 | | 1/1/2010 | | 1/1/2011 | | 2/1/2012 | |
|---|---|---|---|---|---|---|---|---|---|
| | | Trivandrum | Kottayam | Trivandrum | Kottayam | Trivandrum | Kottayam | Trivandrum | Kottayam |
| Rice (Red) Open Market | | | | | | | | | |
| Rice(red)open market Matta | Kg. | 21.00 | 21.00 | 23.00 | 24.00 | 33.00 | 28.00 | [redacted] | 27.00 |
| Rice(red)open market Nadan | Kg. | | 22.00 | | 24.00 | | 27.00 | | 23.00 |
| Rice(red)open market Chamba | Kg. | 20.00 | 21.00 | 23.00 | 24.00 | 28.00 | 27.00 | | 23.00 |
| Rice(red)open market Punja | Kg. | | 21.00 | | 22.00 | | 26.00 | | 23.00 |
| Rice(red)open market Culture | Kg. | | 17.50 | | 20.00 | | 24.00 | | 20.00 |
| Rice(red)open market Rose | Kg. | | 21.00 | 23.00 | 24.00 | 27.00 | 27.00 | | 22.00 |
| Rice(red)open market Massoori | Kg. | | | | | | | | |
| Rice (white) open market | | | | | | | | | |
| Rice(white)open mrkt Andhra Vella | Kg. | 21.00 | 19.50 | 23.00 | 20.00 | 27.00 | 25.00 | | 26.00 |
| Rice(white)open mrkt Chambala Vella | Kg. | | 20.00 | | 22.00 | | 26.00 | | 24.00 |
| Rice(white)open mrkt Mysore Vella | Kg. | | 18.50 | | 19.00 | | 24.00 | | 22.00 |
| Rice(white)open mrkt Nepal Vella | Kg. | | | | | | | | |
| Rice(white)open mrkt Palakkadan Jaya | Kg. | | 19.00 | | 22.00 | | 26.00 | | 24.00 |

Sources: Economics and Statistics